ദേശീയ ഔഷധ സസ്യ മിഷൻ-കേരളയുടെ 2015-16 വർഷത്തെ വിവിധ പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഉണ്ട്. കൃഷി വകുപ്പിനു കീഴിൽ പ്രധാനമായും 4 ഫാമുകളിൽ ഔഷധ സസ്യ തൈകൾ ഉല്പാദിപ്പിച്ച് വിൽപ്പന നടത്തി വരുന്നുണ്ട്:

1. എറണാകുളം ജില്ലയിലെ നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിൽ നിന്ന് കുവളത്തിന്റെ തൈകൾ വിതരണം നടത്തുന്നുണ്ട്.

2. കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് ജില്ലാ കൃഷിത്തോട്ടത്തിൽ ചിറ്റരത്ത എന്ന ഔഷധ സസ്യത്തിന്റെ തൈ ഉല്പാദിപ്പിച്ച് വിതരണം നടത്തുന്നുണ്ട്.

3. പാലക്കാട് ISDF എരുത്തേമ്പതിയിൽ രാമച്ചം, കറ്റാർവാഴ, കല്ലുരുക്കി, പ്രഷർചീര, ഇളസി എന്നിവയുടെ തൈകൾ ഉല്പാദിപ്പിച്ച് വിൽപ്പന നടത്തുന്നു.

4. കോഴിക്കോട് ജില്ലയിലെ കുത്താളി ജില്ലാ ഫാമിൽ ആടലോടകം, പനിക്കൂർക്ക, ഇരുവേലി, നാഗദന്തി, ബ്രഹ്മി, നാരകം, അഗത്തിച്ചീര, കരിനെച്ചി, ആര്യവേപ്പ്, പാച്ചോറ്റി, തിപ്പലി, പെപ്പർമിന്റ്, ഇളസി, ലക്ഷ്മിതരു, മുള്ളൻ ചക്ക, തഴുതാമ എന്നിങ്ങനെ വിവിധയിനം ഔഷധച്ചെടികളുടെ തൈകൾ ഉല്പാദിപ്പിച്ച് വിപണനം നടത്തി വരുന്നു.

നെൽകൃഷി വർദ്ധിപ്പിക്കുന്നതിന് നടപടി

164 (3138) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് നെൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങൾ/പദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിയത് ;

(ബി) പ്രസ്തുത പദ്ധതികളിലൂടെ നെൽകൃഷി വ്യാപിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ ; എങ്കിൽ നെല്ലുൽപ്പാദനം എത്ര ശതമാനമാണ് വർദ്ധിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(സി) ഉപയോഗ ശൂന്യമായി കിടക്കുന്ന വയലുകൾ കൃഷി യോഗ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പുതിയ എന്തെങ്കിലും പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ ; വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെൽകൃഷി വ്യാപിപ്പിക്കുന്നതിനായി സംസ്ഥാന ഭക്ഷ്യ സുരക്ഷാപദ്ധതി, സുസ്ഥിര നെൽകൃഷി വികസനം, മാക്രോമാനേജ്മെന്റ് പ്രകാരമുള്ള നെൽകൃഷിവികസന പദ്ധതി, രാഷ്ട്രീയകൃഷി വികാസ് യോജന പദ്ധതി, രജിസ്റ്റേഡ് വിത്തുൽപ്പാദന പദ്ധതി, നെല്ല് സംഭരണം, ചെറുകിട യന്ത്രവൽക്കരണത്തിനുള്ള പദ്ധതി, നെൽകൃഷിക്കുള്ള ഉൽപ്പാദനബോണസ്, കാർഷിക വൈദ്യുതി സൗജന്യ പദ്ധതി, ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി, സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, സംസ്ഥാന ഭക്ഷ്യസുരക്ഷ പദ്ധതി പ്രകാരം കുരനെൽകൃഷി, വനിതാ ഗ്രൂപ്പുകൾക്കുള്ള തരിശ്ശുനില കൃഷി, പൊള്ളാഞ്ചാറ്റടി, വടക്കാഞ്ചേരി മോഡൽ പദ്ധതി, സുഗന്ധ നെല്ലിന വികസന പദ്ധതി, കാർഷിക യന്ത്രവൽക്കരണം എന്നിവയും സുസ്ഥിര നെൽകൃഷി വികസന പദ്ധതിപ്രകാരം ഗ്രൂപ്പ് ഫാമിംഗ്, തരിശ്ശുനില കൃഷി, നെൽകൃഷിക്ക് ശേഷമുള്ള മറ്റ് കൃഷികളിലൂടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി എന്നിവയും മാക്രോ മാനേജ്മെന്റ് പദ്ധതി പ്രകാരം ഒറ്റഞാർ കൃഷി ഡെമോൺസ്ട്രേഷൻ, ഉൽപ്പാദന ഉപാധികളായ വിത്ത്, കുമ്മായം, മൈക്രോ ന്യൂട്രിയന്റ് ഫെർട്ടിലൈസർ, സസ്യ സംരക്ഷണ ഉപാധികൾ എന്നിവയുടെ വിതരണവും നൂതന നെല്ലിനങ്ങളുടെ കൃഷി പ്രോൽസാഹിപ്പിക്കുന്നതിനുള്ള മിനി കിറ്റ് വിതരണവും കർഷകരുടെ കൃഷി വിജ്ഞാനം വർദ്ധിപ്പിക്കുന്നതിനുള്ള ഫാം ഫീൽഡ് സ്കൂളുകളും പടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് കൃഷി പ്രോൽസാഹിപ്പിക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കുകയുണ്ടായി. കർഷകർക്ക് പൂരക വരുമാന സ്രോതസുകൾ പ്രോത്സാഹിപ്പിക്കുവാൻ സഹായം നൽകുന്ന പദ്ധതി, നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി നെൽ വികസന ഏജൻസികൾക്കുള്ള ധനസഹായം, ആർ.കെ.വി.വൈ. പൊക്കാളി നെൽകൃഷി വികസനം, പ്രത്യേക നെല്ലിനങ്ങൾക്കുള്ള വികസനം, പാടശേഖര സമിതികൾക്കുള്ള പ്രവർത്തനസഹായവും അടിസ്ഥാന സൗകര്യ വികസനവും എന്നീ പദ്ധതികൾ നടപ്പിലാക്കുകയുണ്ടായി.

(ബി) നെൽകൃഷി വ്യാപിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. 2010-11-ൽ ഉൽപ്പാദനം 522740 മെട്രിക് ടൺ ആയിരുന്നത് 2011-12 വർഷം 568993 മെട്രിക് ടൺ ആയി ഉയർന്നു. ആയതിനാൽ 2011-12 വർഷം മുൻ വർഷത്തേക്കാൾ 46253 മെട്രിക് ടൺ നെല്ല് അധികമായി ഉൽപ്പാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട് (8.848% വർദ്ധനവ്)

LIBRARY ARCHIVES Kerala Legislative Assembly

2012-13-ൽ ഉൽപ്പാദനം 508299 മെടിക് ടൺ ആയിരുന്നത് 2013-14-ൽ 564325 മെടിക് ടൺ ആയി വർദ്ധിക്കുകയുണ്ടായി. ആയതിനാൽ 2013-14 വർഷം മുൻ വർഷത്തേക്കാൾ 56026 മെടിക് ടൺ നെല്ല് അധികമായി ഉൽപ്പാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട് (11.02% വർദ്ധനവ്)

(സി) 2011-12 വർഷം 14 ജില്ലകളിലുമായി ആകെ 3407 ഹെക്ടർ സ്ഥലത്ത് തരിശുനില നെൽകൃഷി നടപ്പിലാക്കാൻ സാധിച്ചു. ആയതിനാൽ 246.37 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി. 2012-2013 വർഷം ആകെ 1373.4 ഹെക്ടർ തരിശുനിലം 321.27 ലക്ഷം രൂപ ചെലവഴിച്ച് കൃഷിയോഗ്യമാക്കുകയുണ്ടായി. 2013-2014 വർഷം തരിശുനില നെൽകൃഷി 1903.95 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കുകയുണ്ടായി. 2014-15 വർഷം 1805.802 ഹെക്ടർ സ്ഥലത്ത് തരിശുനില നെൽകൃഷി നടപ്പിലാക്കി വരുന്നു.

(ഡി) പുതിയ പദ്ധതികളൊന്നും തൽക്കാലം പരിഗണനയിലില്ല.

നീറുകക്ക സബ്സിഡി

165 (3139) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽകർഷകർ നീറുകക്ക വാങ്ങാത്തതുമൂലം കുട്ടനാട്ടിലെ കൃഷിഭവനുകളിൽ നീറുകക്കയുള്ള സബ്സിഡി തുക കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത തുക എത്രയെന്ന് വിശദമാക്കുമോ ;

(സി) നീറുകക്ക വാങ്ങുന്നതിന് സാമ്പത്തികമില്ലാത്ത കർഷകർക്ക് ഏക്കറിന് 600 (അറുന്നൂറ്) രൂപയുടെ സബ്സിഡി തുകയുള്ള നീറുകക്ക ഉപാധികളില്ലാതെ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നീറുകക്ക വാങ്ങുന്നതിന് ഹെക്ടറിന് 3000 രൂപ നിരക്കിൽ 15000 ഹെക്ടറിന് 450 ലക്ഷം രൂപ ആലപ്പുഴ ജില്ലയ്ക്ക് അനുവദിച്ചിരുന്നു. ടി തുകയിൽ 245 ലക്ഷം രൂപ ചെലവാകാതെ സറണ്ടർ ചെയ്യുകയുണ്ടായി.

(സി) സോയിൽ അമിലിയോറൻസ് ഇൻ സെലക്ടഡ് ഡിസ്ട്രിക്ട് 2014-15 പദ്ധതി അനുസരിച്ച് ഏറ്റവും കുറഞ്ഞത് 240 കിലോഗ്രാം നീറുകക്ക ഒരു ഏക്കറിന് ചേർക്കേണ്ടതാണ്. 600 രൂപയുടെ സബ്സിഡി തുകയുള്ള നീറുകക്ക ശുപാർശ പ്രകാരമുള്ള അളവിൽനിന്നും വളരെ കുറവായതിനാൽ ആയത് ഉപാധികളില്ലാതെ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കാൻ പ്രയാസമാണ്.

LIBRARY ARCHIVES Kerala Legislative Assembly